## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 123      05.02.2019-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.എം. നൗഷാദ്,<br>ശ്രീ.കെ.കുഞ്ഞിരാമൻ</th><th colspan="2">മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പുവർഷത്തെ പദ്ധതി നിർവഹണ പുരോഗതി സംബന്ധിച്ച വിശദവിവരവും അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്നും അറിയിക്കാമോ;</td><td>(എ)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.(29.01.2019 വരെ)<br>തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം<br><table><tr><td>ഗ്രാമപഞ്ചായത്ത്</td><td>65.77 %</td></tr><tr><td>ബ്ലോക്ക് പഞ്ചായത്ത്</td><td>66.32%</td></tr><tr><td>ജില്ലാ പഞ്ചായത്ത്</td><td>54.86%</td></tr><tr><td>മുനിസിപ്പാലിറ്റി</td><td>53.13 %</td></tr><tr><td>കോർപ്പറേഷൻ</td><td>43.76 %</td></tr><tr><td>ആകെ</td><td>60.34 %</td></tr></table><br>പൊതു വിഭാഗം, SCSP, TSP യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.<br><table><tr><td>ജനറൽ</td><td>SCSP</td><td>TSP</td></tr><tr><td>66.54%</td><td>55.59%</td><td>52.91%</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| | | | പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി ഡിസംബർ 31-നകം സമർപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1200 ൽ 1181 തദ്ദേശഭരണ സ്ഥാപനങ്ങൾ ഡിസംബർ 31-നകം അടുത്ത വർഷത്തെ പദ്ധതി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചു. അവശേഷിച്ച 19 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചെറുന്നിയൂർ, വെട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകളും പാലക്കാട് മുനിസിപ്പാലിറ്റിയും ഒഴികെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ 2019 ജനുവരി മാസം വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതികൾക്ക് സമർപ്പിച്ചു. |
| (ബി) | സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള വിവിധ വികസന മിഷനുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച 4 വികസന മിഷനുകളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടേത് 29.01.2018-ലെ സ.ഉ.(കൈ) നം.11/ 2018/ തസ്വഭവ, മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളുടേയും 02.02.2018 -ലെ സ.ഉ.(കൈ)നം.17/ 2018/ തസ്വഭവ നമ്പർ ഉത്തരവുകളിലെ ഖണ്ഡിക 7 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. ആയതിൽ '**ലൈഫ്**' ഭവന പദ്ധതി പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ '**ആർദ്രം**' 'മിഷനുമായി |

| | | | |
|---|---|---|---|
| | | | സമന്വയിപ്പിച്ചാണ് നടപ്പിലാക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ പ്രോജക്ടുകൾ **'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം'** മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. **'ഹരിതകേരളം'** മിഷന്റെ ഉപമിഷനുകളിൽ ഒന്നായ ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൃഷിയും ജലസംരക്ഷണവും തദ്ദേശസ്ഥാപനങ്ങളുടെ മേഖലാചുമതലകളിൽ വരുന്നവയുമാണ്. ആയതിനാൽ ഹരിതകേരളം' മിഷന്റെ ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് മുഖ്യ പങ്കുണ്ട്. |
| (സി) | ജില്ലാടിസ്ഥാനത്തിൽ വൻകിട സംയോജിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ജില്ലാ പദ്ധതി അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കാമോ; | (സി) | 14 ജില്ലകളുടേയും ജില്ലാ പദ്ധതികൾ, വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം പരിശോധിച്ച് അവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച് പുനർ സമർപ്പിച്ച ജില്ലാ പദ്ധതികൾക്ക് സംസ്ഥാന വികസന കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2019-20 വാർഷിക പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. |
| (ഡി) | പ്രളയപാഠത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിൽ നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങളും പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ ഉപജീവനം ഉറപ്പാക്കാനുള്ള പദ്ധതികളും എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | പ്രളയ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 23.08.2018 തീയതിയിലെ സ.ഉ.(സാധാ)നം. 2313/2018/തസ്വഭവ നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രളയക്കെടുതിയുടെ പ്രത്യേക പശ്ചാത്തലത്തിൽ മൃഗപരിപാലന മേഖലയുമായി ബന്ധപ്പെട്ട് പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് മുൻഗണന നല്കാനും ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ അവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വെറ്ററിനറി |

| | | | |
|---|---|---|---|
| | | | ഡോക്ടർമാരും പ്രത്യേകം ഇടപെടൽ നടത്തണമെന്നും 17.09.18 ലെ ഡി.എ.1/652/2018/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2019-20 വാർഷിക പദ്ധതി രൂപീകരണത്തിലും മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവ വൈവിധ്യ മാനേജ് മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ 23.10.2018-ലെ സ.ഉ.(സാധാ)നം.2710/2018/ ത.സ്വ.ഭ.വ. ഉത്തരവായി നൽകിയിട്ടുണ്ട്. പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള വിശദമായ പദ്ധതി സംസ്ഥാന സർക്കാരിന്റെ 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ